<u>പത്രക്കുറിപ്പ്  (25.08.2017)</u>

## <u>ഗുണ്ടാ സംഘാഗം മൂന്നാം തവണയും KAAPA പ്രകാരം അറസ്റ്റിലായി</u>

ഒല്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഗുണ്ടാ സംഘത്തിലെ അംഗമായ കുപ്രസിദ്ധ റൗഡി മരത്താക്കര പടവരാട് ദേശത്ത് കുരുവിച്ചാംകുഴി വീട്ടിൽ ജോസ് മണി, മകൻ സിജോ എന്ന് വിളിക്കുന്ന കുയിലൻ, സിജോ 27 വയസ്സ് എന്നയാളെ KAAPA (കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം 2007 ) പ്രകാരം അറസ്റ്റ് ചെയ്തു. തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. രാഹുൽ. ആർ. നായർ IPS ൻെറ നിർദ്ദേശ പ്രകാരം ഒല്ലൂർ പോലീസാണ് അറസ്റ്റ് ചെയ്തത്. 2013 വർഷത്തിൽ കിള്ളന്നൂർ കെൽട്രോൺ കോളനിയിലെ തൊമ്മാന വിൻസെൻറ് എന്നയാളെ വിട്ടിൽ കയറി കുത്തി കൊലപ്പെടുത്തിയതിനും, ലോട്ടറി ടിക്കറ്റുകളും, സമ്മാന തുകയുമായി പോയിരുന്ന വാഹനം തടഞ്ഞു നിറുത്തി വാഹനത്തിലുള്ളവരെ ആക്രമിച്ച് 30 ലക്ഷം രൂപ കവർച്ച ചെയ്തതിനും, തലോർ പള്ളി പുതുക്കിപണിയുന്നതിന് മുൻപന്തിയിൽ നിന്നിരുന്നയാളെ ക്വട്ടേഷൻ ഏറ്റെടുത്തു ആക്രമിച്ച് പരിക്കേൽപ്പിച്ചതിനും, മരത്താക്കര സ്മർട്ട് റെസിഡൻസി ഹോട്ടലിൽ ആക്രമണം നടത്തിയതിനും, ഓണാഘോഷ പരിപാടികൾക്കിടെയിലെ തർക്കത്തെ തുടർന്ന പുഴമ്പളം സ്വദേശി ഷനൽ എന്നയാളെ കൊലപ്പെടുത്തുവാൻ ശ്രമിച്ചതിനും മരത്താക്കര അമ്പ് പ്രദിക്ഷിണത്തിനിടെ മദ്യപിച്ച് വന്ന് കൂടുതൽ സമയം പാട്ടുകൾ ബാൻറ് വാദ്യക്കാരെ തടഞ്ഞ് അമ്പ് സമുദായം പ്രസിഡണ്ടിനെയും മറ്റും ദേഹോപദ്രവം ഏൽപ്പിച്ചതിനും ഉൾപ്പടെ നിരവധി കേസ്സുകളിൽ പ്രതിയായതിനെ തുടർന്ന് 2013 വർഷത്തിലും, 2015 വർഷത്തിലും ഇയാളെ KAAPA പ്രകാരം അറസ്റ്റ് ചെയ്ത് ഒന്നര വർഷം കരുതൽ തടങ്കലിന് വിധേയനാക്കിയിട്ടുണ്ട്. കരുതൽ തടങ്കൽ കഴിഞ്ഞ് 2016 ഡിസംബറിൽ ജയിൽ മോചിതനായ ഇയാൾ വീണ്ടും ആളുകളെ ആക്രമിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്നാണ് ഇയാൾക്കെതിരെ വീണ്ടും KAAPA പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളത്. ഒല്ലൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ കെ.കെ. സജീവിൻെറ നേതൃത്വത്തിൽ ഒല്ലൂർ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ടി.പി. ഫർഷാദ്, സി.പി.ഒ മാരായ ഷിജു, ജിൻറ്റോ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഈ വർഷം അഞ്ചുപേർക്കെതിരെ KAAPA പ്രകാരം തൃശ്ശൂർ സിറ്റി പോലീസ് നടപടി സ്വീകരിച്ച് അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.



Sd/-

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.